## പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

30.01.2018-ന് മറുപടിയ്ക്ക്

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 1290**

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.സി. കെ. ശശീന്ദ്രൻ | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ; | (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നിന്നും മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള കൽപ്പറ്റ ഗവ.വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഭരണാനുമതി നൽകുകയും അപ്രകാരം കിഫ്ബി മുഖേനയുള്ള സർക്കാർ ധനസഹായത്തിനുള്ള അനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി 'വാപ്കോസി'നെ ടെൻഡർ മുഖേന തെരഞ്ഞെടുത്തിട്ടുണ്ട്. കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. 2017-18ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള പ്രകാരം പരമാവധി 3 കോടി രൂപയുടെ സർക്കാർ ധനസഹായത്തോടെ അടിസ്ഥാന സൗകര്യ വികസനത്തിനായി തെരഞ്ഞെടുത്തിട്ടുള്ള കൽപ്പറ്റ മണ്ഡലത്തിലെ കാക്കവയൽ ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, മേപ്പാടി ഗവ. ഹയർ സെക്കണ്ടറി സ്കൂൾ എന്നീ സ്കൂളുകളുടെ |

വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

| | | | |
|---|---|---|---|
| (ബി) | ഈ പദ്ധതികളുടെ നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിനായി ഓരോ ജില്ലയിലും ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; | (ബി) & (സി) | പദ്ധതി നടപ്പാക്കുന്നതിന് ടെണ്ടർ മുഖേന പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി (പി.എം.സി.) കോ-ഓർഡിനേറ്ററെ നിയമിച്ചിട്ടുണ്ട്. കോൺട്രാക്ടർമാരെ നിയമിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. നിർമ്മാണപ്രവർത്തനം തുടങ്ങുന്ന മുറയ്ക്ക് നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിന് ഉദ്യോഗസ്ഥരെ നിയമിച്ച് നിർദ്ദേശം നൽകുന്നതാണ്. ജില്ലാ തലത്തിലുള്ള പ്രവർത്തനങ്ങളുടെ നിരീക്ഷണത്തിനായി ജില്ലാതല മിഷനുകൾ രൂപീകരിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ കൽപ്പറ്റ നിയോജക മണ്ഡലത്തിലെ ഓരോ പദ്ധതിയുടെയും നിർവ്വഹണ നിരീക്ഷണ ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ